# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1804 06.03.17 ൽ മറുപടിയ്ക്ക്**

**ഓട്ടോറിക്ഷകൾക്ക് സിറ്റി പെർമിറ്റ്**

| ചോദ്യം<br>ശ്രീ.കെ.മുരളീധരൻ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | തിരുവനന്തപുരം നഗരത്തിലോടുന്ന ഓട്ടോറിക്ഷകൾക്ക് സിറ്റി പെർമിറ്റ് നൽകി സ്റ്റാന്റുകൾ ക്രമീകരിച്ച് നൽകുന്നതിന് ആരംഭിച്ച പദ്ധതി ഏത് ഘട്ടത്തിലാണ്; | (എ) | തിരുവനന്തപുരം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് മുഖേന 16923 ഓട്ടോറിക്ഷകൾക്ക് സിറ്റി പെർമിറ്റുകൾ അനുവദിച്ചിട്ടുണ്ട്. ഓട്ടോറിക്ഷാ സ്റ്റാന്റുകൾ ക്രമീകരിക്കുന്നതിന് തിരുവനന്തപുരം നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പദ്ധതിയുടെ പേരിൽ ഓട്ടോറിക്ഷകളുടെ നിറം മാറ്റിയതൊഴിച്ച് മറ്റൊരു പ്രവർത്തനവും നടന്നിട്ടില്ലായെന്ന വിമർശനം ശരിയാണോ; എങ്കിൽ ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ? | (ബി) | തിരുവനന്തപുരം നഗരസഭയും ട്രാഫിക് പോലീസും ചേർന്ന് ഓട്ടോറിക്ഷാ സ്റ്റാന്റുകൾ ക്രമപ്പെടുത്തുന്നതിനായുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ